# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:68      04.06.2018-ൽ മറുപടിയ്ക്ക്

## <u>കേരള ഗവൺമെൻറ് പ്രസ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ</u>

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ : | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | കേരള ഗവൺമെൻറ് പ്രസ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ (ഭേദഗതി) നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള ശുപാർശ സമർപ്പിക്കുവാൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്പെഷ്യൽ റൂൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി നൽകിയിരിക്കുന്ന ഭേദഗതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി &സി) | സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത സ്പെഷ്യൽ റൂൾസിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പി.എസ്.സി.യും സബ്ജക്ട് കമ്മിറ്റിയും നിർദ്ദേശിച്ച ഭേദഗതികൾ നടപ്പിലാക്കാത്തതു കാരണം പ്രിൻറിംഗ് ഡിപ്പാർട്ട്മെൻറിലെ അസിസ്റ്റൻറ് ഫോർമാൻ (മെഷീൻ) തസ്തികകളിലേക്ക്, ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ്-1 ന്റെയും സീനിയർ ഗ്രേഡ് പ്രിൻറർ | (ഡി) | പി.എസ്.സി.യും സബ്ജക്ട് കമ്മിറ്റിയും നിർദ്ദേശിച്ച ഭേദഗതികൾ നടപ്പിലാക്കാത്തതു കാരണം പ്രിൻറിംഗ് ഡിപ്പാർട്ട്മെൻറിലെ അസിസ്റ്റൻറ് ഫോർമാൻ (മെഷീൻ) തസ്തികകളിലേക്ക്, ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ്-1 ന്റെയും സീനിയർ ഗ്രേഡ് പ്രിൻറർ തസ്തികകളുടേയും സംയോജിത ഗ്രഡേഷൻ |

| | | | |
|---|---|---|---|
| | തസ്തികകളുടേയും സംയോജിത ഗ്രഡേഷൻ ലിസ്റ്റിൽ നിന്നും ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ്-1 നെക്കാളും ജൂനിയറായിട്ടുള്ള എത്ര സീനിയർ ഗ്രേഡ് പ്രിൻററർമാർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | ലിസ്റ്റിൽ നിന്നും ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ്-1 നെക്കാളും ജൂനിയർ ആയിട്ടുള്ള 21 സീനിയർ ഗ്രേഡ് പ്രിൻററർമാർക്ക് അസിസ്റ്റന്റ് ഫോർമാൻ തസ്തികയിലേയ്ക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |
| (ഇ) | പി.എസ്.സി.യും സബ്ജക്ട് കമ്മിറ്റിയും നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി കേരള ഗവ. പ്രസ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി വിജ്ഞാപനം എന്നു പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ